**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1140** **15-10-2026-ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാലങ്ങൾ ആർ.ബി.ഡി.സി.കെ. മുഖേന നടപ്പാക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് നിയോജകമണ്ഡലത്തിലെ പുതുക്കാട്, ആലത്തൂർ, നെല്ലായി, നന്തിക്കര എന്നിവിടങ്ങളിൽ കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. മുഖേന റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:**

1. **പുതുക്കാട് റെയിൽവേ മേൽപ്പാലം:** പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട് റെയിൽവേ മേൽപ്പാലവുമായി ബന്ധപ്പെട്ട് ആർ.ബി.ഡി.സി.കെ. നടത്തിയ മൂന്നാമത്തെ ടെണ്ടറിൽ പങ്കെടുത്ത കോൺട്രാക്റ്റുമായി നെഗോസിയേഷൻ നടത്തി ഗവൺമെന്റ് അംഗീകൃത മാർഗ്ഗ നിർദ്ദേശങ്ങൾക്കുള്ളിൽ quoted തുക കൊണ്ടുവരുവാനും അല്ലാത്തപക്ഷം എസ്റ്റിമേറ്റ് റീകാസ്റ്റ് നടത്തി റീടെണ്ടർ നടപടികൾ സ്വീകരിക്കാനും ആർ.ബി.ഡി.സി.കെ. മുഖേന ശ്രമിച്ചുവെങ്കിലും കോൺട്രാക്റ്റർ വിസമ്മിതിച്ചതിനെ തുടർന്ന് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയുമാണ്.
2. **ആലത്തൂർ റെയിൽവേ മേൽപ്പാലം:** ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് 26.09.2026 ൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുള്ളതും, ഭൂമി ഏറ്റെടുക്കലിന് റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയുമാണ്.
3. **നന്തിക്കര റെയിൽവേ മേൽപ്പാലം:** പുതുക്കിയ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ് റെയിൽവേയുടെ അംഗീകാരത്തിനായി 03.09.2026 ൽ സമർപ്പിച്ചിട്ടുണ്ട്.
4. **നെല്ലായി റെയിൽവേ മേൽപ്പാലം:** പുതുക്കിയ അലൈൻമെന്റ് പ്ലാൻ റെയിൽവേയുടെ അംഗീകാരത്തിനായി 24.08.2026 ൽ സമർപ്പിച്ചിട്ടുണ്ട്.

**(ബി)** ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ടെൻഡർ നടപടികൾ സ്വീകരിച്ച പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ടെൻഡർ അംഗീകാരം ലഭ്യമാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**